കേരള സർക്കാർ

**സംഗ്രഹം**

2017-18 അദ്ധ്യയന വർഷം അദ്ധ്യാപകരെ താല്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ(സാധാ) നം. 1698/17/പൊവിവ തിരുവനന്തപുരം, തീയതി 02/06/2017

---

പരാമർശം:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/5/2017 തീയതിയിലെ എച്ച്(2)/34017/2017/ഡിപിഐ നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 2017-18 അധ്യയന വർഷം ആരംഭിച്ചതിനാൽ ഈ വർഷത്തെ തസ്തികനിർണ്ണയ നടപടികൾ അവസാനിക്കാതെ ഒഴിവുകൾ കണക്കാക്കി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാനാകില്ല എന്ന സാഹചര്യം നിലനിൽക്കുന്നുവെന്നും സ്കൂളുകളിൽ അദ്ധ്യാപകരില്ലാത്തതുമൂലം അധ്യയനം മുടങ്ങുന്നതായും അതിന് പരിഹാരം കാണുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

എ) അതത് കാലത്ത് നിലവിലിരിക്കുന്ന തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഏതെങ്കിലും കാറ്റഗറിയിൽ അദ്ധ്യാപകർ അധികമെന്ന് കണ്ടെത്തിയ സ്കൂളുകളിൽ അവർ തുടരുന്നുവെങ്കിൽ പ്രസ്തുത കാറ്റഗറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തരുത്. അധികമായി കണ്ടെത്തിയ അദ്ധ്യാപകരെയെല്ലാം നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥലം മാറ്റി ക്രമീകരിച്ചിരിക്കണം. ഈ വർഷത്തെ (2017-18) തസ്തിക നിർണ്ണയം കഴിഞ്ഞാൽ ഒഴിവുകൾ സത്വരം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) 14-8-2002 ലെ ജി.ഒ (പി) നം. 249/2002/പൊവിവ, 20-12-2004-ലെ ജി.ഒ (പി) നം. 382/2004/പൊവിവ, 26-02-2016-ലെ ജി.ഒ (പി) നം. 28/2016/ധന.വ തുടങ്ങിയ ഉത്തരവുകളിലൂടെ സർക്കാർ ഈ വിഷയത്തിൽ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ കർശനമായും പാലിച്ചിരിക്കണം.

സി) പി.എസ്.സി ലിസ്റ്റ് നിലനിൽക്കുന്ന ജില്ലകളിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അപേക്ഷകരായിട്ടുണ്ടെങ്കിൽഅത്തരംഉദ്യോഗാർത്ഥികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് മുൻഗണന നല്കേണ്ടതാണ്. എന്നാൽ പ്രസ്തുത അദ്ധ്യാപകന്റെ സേവനവേതന വ്യവസ്ഥകൾ യാതൊന്നും തന്നെ ഭാവിയിൽ ടിയാൾക്ക് പി.എസ്.സി മുഖേനയുള്ള സ്ഥിരനിയമനം ലഭിക്കുകയാണെങ്കിൽ കണക്കാക്കുന്നതല്ല.

ഡി) 26-02-2016-ലെ ജി.ഒ (പി) നമ്പർ 28/2016/ധന.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പ്രതിദിനം 850/- രൂപയും (പ്രതിമാസം പരമാവധി തുക 24650/- രൂപ), ഹൈസ്കൂൾ അസിസ്റ്റന്റ് പ്രതിദിനം 975/- രൂപയും (പ്രതിമാസം പരമാവധി തുക 29200/- രൂപ), പാർട്ട് ടൈം ഹൈസ്കൂൾ ഭാഷാദ്ധ്യാപകർക്ക് പ്രതിദിനം 675/- രൂപയും (പ്രതിമാസം പരമാവധി തുക 18900/- രൂപ), പ്രൈമറി സ്കൂൾ പാർട്ട് ടൈം ഭാഷാദ്ധ്യാപകർക്ക് 650/- രൂപയും വേതനമായി അനുവദിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ. ഗോപാലകൃഷ്ണ ഭട്ട്
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസഡയറക്ടർ,തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും / ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും. (പൊതുവിദ്യാഭ്യാസഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.റ്റി.@ സ്കൂൾ ,തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വിവരപൊതുജന സമ്പർക്കവകുപ്പ് (വെബ് & ന്യൂമീഡിയ)(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/ സെക്ഷനുകൾക്കും.
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ